"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS മുഖേന നടപ്പിലാക്കുന്നത്- അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി നടത്തിപ്പിനായുള്ള 2023-24 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം തുക SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.147/2024/WCDD    തീയതി,തിരുവനന്തപുരം, 22-04-2024

---

പരാമർശം:-
1. കേന്ദ്ര സർക്കാരിന്റെ 30.03.2024 ലെ CD-II-14/14/2015-CD-II കത്ത്
2. സ.ഉ(സാധാ) നം.125/2024/വശിവിവ തീയതി 23.03.2024
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09.04.2024 ലെ DWCD/4927/2023-ICDSA1 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷത്തെ മൂന്നും നാലും ക്വാർട്ടറുകളിലെ കേന്ദ്ര വിഹിതം (ജനറൽ കമ്പോണന്റ്) (60%) തുകയായ 29,42,03,000/-രൂപ (ഇരുപത്തിയൊൻപത് കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി മൂവായിരം രൂപ മാത്രം) പരാമർശം(1) പ്രകാരം അനുവദിച്ചിട്ടുണ്ട്.

(2) അങ്കണവാടി ജീവനക്കാരുടെ 2024 മാർച്ച് മാസത്തെ ഹോണറേറിയം (2024 ഏപ്രിലിൽ ചെലവഴിക്കുന്നത്) തടസ്സപ്പെടാതെ വിതരണം ചെയ്യുന്നതിനാവശ്യമായ 22,31,07,000/-രൂപ (ഇരുപത്തി രണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി ഏഴായിരം രൂപ മാത്രം) അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയുടെ മൂന്നും നാലും ക്വാർട്ടറുകളിലെ കേന്ദ്ര വിഹിതം തുക ലഭ്യമാകുന്ന വേളയിൽ ആനുപാതിക സംസ്ഥാന വിഹിതത്തിൽ നിന്നും കുറയ്ക്കുന്നതാണെന്ന വ്യവസ്ഥയിൽ മുൻകൂറായി അനുവദിച്ചു കൊണ്ടും, പ്രസ്തുത തുക 2235-02-102- 18-02 PV ICDS State share ശീർഷകത്തിൽ നിന്നും പിൻവലിച്ച് PFMS SNA യിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവാകുകയും, പ്രസ്തുത തുക ടി പദ്ധതിയുടെ SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ മൂന്നും നാലും ക്വാർട്ടറുകളിൽ ലഭ്യമായ കേന്ദ്ര വിഹിതം തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം തുകയായി നിക്ഷേപിക്കേണ്ട 19,61,35,333/- രൂപ, പരാമർശം (2) പ്രകാരം മുൻകൂർ സംസ്ഥാന വിഹിതമായി നൽകിയ 22,31,07,000/- രൂപയേക്കാൾ 2,69,71,667/-രൂപ കുറവാണ്. ടി തുക കേന്ദ്ര സർക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം ലഭ്യമാകുന്ന കേന്ദ്ര വിഹിതം തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം തുകയിൽ നിന്നും

കുറവ് ചെയ്യുന്നതാണെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) ഈ സാഹചര്യത്തിൽ അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തെ മൂന്നും നാലും ക്വാർട്ടറുകളിലെ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുള്ള 29,42,03,000/-രൂപ മാത്രം (ഇരുപത്തിയൊൻപത് കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി മൂവായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-01 (പ്ലാൻ) ശീർഷകത്തിൽ നിന്നും മാറി ടി പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള ചുവടെ പരാമർശിക്കുന്ന SNA ബാങ്ക് അക്കൗണ്ടിലേക്കു നിക്ഷേപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

SNA Bank Name- Kerala Gramin Bank
SNA Account Number -40341101052949
IFSC- KLGB0040341

(4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തെ മൂന്നും നാലും ക്വാർട്ടറുകളിലെ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുള്ള 29,42,03,000/-രൂപ മാത്രം (ഇരുപത്തിയൊൻപത് കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി മൂവായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-01 (പ്ലാൻ) ശീർഷകത്തിൽ നിന്നും മാറി ടി പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിലേക്കു നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
Date: 22-04-2024 12:39:39

സെക്ഷൻ ഓഫീസർ